# നീര കേക്ക് വിൽപനയ്ക്ക്

കൊച്ചി: ക്രിസ്തുമസ് പുതുവത്സര വിപണി ലക്ഷ്യമാക്കി തിരുകൊച്ചി കമ്പനി വിപണിയിലിറക്കിയ നീര കേക്ക് നാളികേര വികസന ബോർഡിന്റെ ആസ്ഥാനത്തെ സി.ഡി.ബി നാഫെഡ് സ്റ്റാളിൽ നിന്നും ലഭ്യമാണ്. 400 ഗ്രാം കേക്കിന് 170 രൂപയും 800 ഗ്രാമിന് 330 രൂപയുമാണ് വില. എറണാകുളം ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരുക്കൊച്ചി നാളികേര ഉദ്പാദക കമ്പനിയുടെ നീര ശർക്കര കേക്കിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ലോഞ്ചിംഗ് കൊച്ചി മേയർ ടോണി ചമ്മണി നിർവ്വഹിച്ചു.

തിരുകൊച്ചി കമ്പനിയുടെ കീഴിൽ നീര ടാപ്പ് ചെയ്യാൻ ലൈസൻസ് ലഭിച്ച കോതമംഗലം ഫെഡറേഷനാണ് മൂവാറ്റുപുഴയിലെ ഇന്ത്യൻ ബേക്കറി വഴി നീര കേയ്ക്ക് നിർമ്മിച്ച് വിപണിയിലെത്തിക്കുന്നത്. പഞ്ചസാരയ്ക്കു പകരം നീര ശർക്കര സിറപ്പ് ഉപയോഗിച്ചാണ് കേയ്ക്ക് നിർമ്മിക്കുന്നത്.